(സി) ഡോക്ടർമാരുടെ കുറവുമൂലം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും ഉൾപ്പെടെ ആകെ 52 ഡോക്ടർമാരെ നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികകളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ഒഴിവുള്ള കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികകൾ നികത്തുന്നതിനായി ഡി.പി.സി. യോഗം കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഡി.പി.സി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം മുഖേന കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പാരാമെഡിക്കൽ വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയായ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ എന്നിവയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റാഫ് നഴ്സ്/ഫാർമസിസ്റ്റ് തസ്തികയിലെ സ്ഥാനക്കയറ്റം/ സീനിയോറിറ്റി സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസുകളിലെ അന്തിമ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തി സ്റ്റാഫ് നഴ്സ്ഗ്രേഡ്-I/ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി. നിയമനം മുഖാന്തരം നിയമനം നടത്തേണ്ട തസ്തികകളായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്, റഫ്രിജറേഷൻ മെക്കാനിക്ക് എന്നിവ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി

35 (2309) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ; കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പ്രസ്തുത പുതിയ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സി.എച്ച്.സി. നിലവാരത്തിൽ ആവശ്യമുള്ള ഡോക്ടർമാരും ഇതര ജീവനക്കാരും നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രി 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം പരിഗണിച്ച് പുതിയ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ താലൂക്ക് ആശുപത്രികളിൽ, ആവശ്യമായ ഡോക്ടർമാരുടെയും, ഇതര പാരാമെഡിക്കൽ ജീവനക്കാരുടെയും ഓരോ കാറ്റഗറിയിലെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2581 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകൾ സൃഷ്ടിച്ചതിൽ നെടുങ്ങോലം താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ഡി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നതെങ്കിലും ഓരോ ആശുപത്രിയിലെയും കിടക്കകളുടെയും നിലവിലുള്ള ഐ.പി., ഒ.പി. എന്നിവയുടെ അനുപാതത്തിനും പരിശോധനാ സൗകര്യങ്ങൾ, സ്പെഷ്യാലിറ്റി സംവിധാനം എന്നിവയും ആനുപാതികമായാണ് ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും എണ്ണം നിശ്ചയിക്കുന്നത്.

ജീവൻ രക്ഷാമരുന്നുകളുടെ വില വർദ്ധന

36 (2310) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ലഭ്യമായിരുന്ന ജീവൻ രക്ഷാ മരുന്നുകൾ ഏതെല്ലാം; പ്രസ്തുത മരുന്നുകളുടെ വിലയിലുണ്ടായ വർദ്ധനവ് എത്ര ശതമാനമാണ്; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly